(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും ചെലവുകൾ

1[1] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ലാന്റ് ഫോൺ, മൊബൈൽ ഫോൺ, അതിഥി സൽക്കാരം, യാത്രപ്പടി എന്നീ ഇനങ്ങളിൽ എന്തുതുകവീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരോ മന്ത്രിമാരുടേയും ഔദ്യോഗിക വസതികൾ മോടിപിടിപ്പിക്കാൻ എന്തുതുകവീതം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലാന്റ് ഫോൺ, മൊബൈൽഫോൺ എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.† അതിഥി സൽക്കാരം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. യാത്രപ്പടി ഇനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.††

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മുൻ വ്യവസായ വകുപ്പുമന്ത്രി ചെലവഴിച്ച തുക

2 [2] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ മുൻ വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സംസ്ഥാനത്തിനകത്ത് എത്ര വിമാനയാത്ര നടത്തിയെന്നും അതിനായി എത്ര തുക ചെലവഴിച്ചു എന്നും ഈ ഇനത്തിൽ യാത്രാപ്പടിയായി എത്ര തുക കൈപ്പറ്റിയെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ അദ്ദേഹം എത്ര പ്രാവശ്യം സംസ്ഥാനത്തിന് പുറത്തും ഇൻഡ്യക്ക് പുറത്തും വിമാനയാത്ര നടത്തിയെന്നും അതിനുവേണ്ടി സർക്കാർ ഖജനാവിൽനിന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ അദ്ദേഹം ലാന്റ് ഫോൺ, മൊബൈൽഫോൺ, അതിഥി സൽക്കാരം എന്നീ ഇനങ്ങളിൽ എത്ര തുകവീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ?

---

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

3 [3] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി എത്ര ജില്ലകളിൽ ഇതുവരെ പൂർത്തിയാക്കി; ഏതൊക്കെ ജില്ലകൾ;

(ബി) ജനസമ്പർക്കപരിപാടിയുടെ ഭാഗമായ പ്രവർത്തനത്തിനുവേണ്ടി ഓരോ ജില്ലയിലും എത്ര ബോർഡുകൾ, കമാനങ്ങൾ, പോസ്റ്ററുകൾ എന്നിവ സ്ഥാപിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ; ഇതിന് എത്രലക്ഷം രൂപ ചെലവുവന്നു;

(സി) ജനസമ്പർക്ക പരിപാടി നടന്ന ജില്ലയിൽ വേദിയൊരുക്കാൻ പന്തൽ കെട്ടുന്നതിന് ഓരോ കേന്ദ്രത്തിനും എത്ര രൂപ വീതം ചെലവഴിച്ചു;

(ഡി) പന്തൽ കെട്ടുന്നതിന് കമ്മീഷൻ വിളിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി 14 ജില്ലകളിലും പൂർത്തിയാക്കി.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ജനസമ്പർക്ക പരിപാടിയിൽ തീർപ്പുകൽപ്പിച്ച പരാതികൾ

4 [4] ശ്രീ. യു. സി. രാമൻ:

,, സി. മോയിൻകുട്ടി:

,, പി. കെ. കെ. ബാവ:

,, ചെർക്കളം അബ്ദുള്ള:

,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഈ പരിപാടിയിലൂടെ എത്ര പരാതിയിൻമേൽ തീർപ്പ് കൽപ്പിച്ചുവെന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly